മിസ്റ്റർ പി. കുമാരമെഴത്തച്ഛൻ:— ഇവക്കു ചില്ലറ അവധി കൊടുക്കുന്ന സമ്പ്രദായമുണ്ടോ?

മിസ്റ്റർ:— ടി. നാരായണമേനോൻ:— ഉണ്ട്.

മിസ്റ്റർ പി. കുമാരമെഴത്തച്ഛൻ:— അവധിയിൽ ഇരിക്കുന്ന കാലത്തു ഇവക്കു ശമ്പളമുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— പകുതി ശമ്പളമുണ്ട്.

മിസ്റ്റർ ടി എ. രാമചന്ദ്രയ്യർ:— ഇവക്കു പകുതി ശമ്പളം കൊടുത്തു് അവധിയിൽ ഇരിക്കുമ്പോൾ പകരം ആളെ വെക്കാവണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:— അതിന്റെ ചുമതല എനിക്കില്ല.

മിസ്റ്റർ പി. കുമാരമെഴത്തച്ഛൻ:— കീഴ്ജീവനക്കാരുടെ കായ്മ പറയുമ്പോൾ അതിൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധ പതിയുന്നില്ലെന്നുള്ള വിചാരം ബലപ്പെട്ടിരിക്കുന്ന സംഗതി ഗവമ്മെണ്ടിനു അറിവുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ:—അങ്ങിനെ ഒരു വിചാരമില്ല.

മിസ്റ്റർ പി. കുമാരമെഴത്തച്ഛൻ:—വിചാരമില്ലെന്നുള്ളതു് ഇരിക്കട്ടെ. ഇങ്ങിനെ ഒരു വിചാരം ബലപ്പെട്ടുവരുന്നുണ്ടെന്നു ഗവമ്മെണ്ടിനു് അറിയാമോ?

Promotion in Police Department.

94. മിസ്റ്റർ കെ. പി. വള്ളോൻ— പോലീസ്സ് ഡിപ്പാർട്ടുമെണ്ടിൽ ജോലിനോക്കുന്ന കീഴ്ജീവനക്കാരുടെ സർവ്വിസ് അനുസരിച്ചാണോ പ്രമോഷൻ കൊടുക്കുന്നതു്; അല്ലെങ്കിൽ എങ്ങിനെ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—സർവ്വിസ് അനുസരിച്ചും പ്രാപ്തിയനുസരിച്ചും പ്രമോഷൻ കൊടുക്കുന്നുണ്ട്. സർവ്വിസ്സിനെതന്നെ അടിസ്ഥാനമാക്കി എല്ലായ്പ്പോഴും പോലീസ് ഡിപ്പാർട്ടുമെണ്ടിൽ പ്രമോഷൻ കൊടുക്കുവാൻ സാധിക്കുന്നതല്ല.

Trichur Sirkar Satram.

95. മിസ്റ്റർ കെ. പി. വള്ളോൻ:— തൃശ്ശിവപേരൂർ സർക്കാർ സത്രത്തിൽ അവർണ്ണർക്കു പ്രവേശനം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവർമ്മതമ്പുരാൻ:— നിലവിലുള്ള രീതി അനുവദിക്കാത്തതുകൊണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ:—തൃശ്ശിവപേരൂർ സത്രത്തിൽ സവർണ്ണരല്ലാത്ത ആളുകൾ ഇതിനുമുമ്പു താമസിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—രീതിപ്രകാരം താമസിക്കുവാൻ അനുവദിക്കുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഇതുവരെ എപ്പോഴെങ്കിലും താമസിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ:— വല്ല ഘട്ടത്തിലും താമസിച്ചിട്ടുണ്ടോ എന്നു് അന്വേഷിച്ചു വേണം പറയുവാൻ. വളപ്രകാരം പാടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—ആ വള മാറുവാൻ ഗവ:മെന്റിനു് ആലോചനയുണ്ടോ?

രാമവർമ്മതമ്പുരാൻ:—ആലോചിച്ചിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—അതിനെപ്പറ്റി അടുത്ത അവസരത്തിലെങ്കിലും ആലോചനയുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ:—ആലോചിക്കാം.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ:—ഈ സത്രം ആരുണ്ടാക്കിയതാണു്. മുനിസിപ്പാലിറ്റിയോ ഗവ:മെന്റോ?

രാമവർമ്മതമ്പുരാൻ:—ഠൈയ്യുമായി പറയുവാൻ വയ്യ. ആദ്യം ഈ സ്ഥലം ദേവസ്വം വകയായിരുന്നു. ദേവസ്വത്തിൽനിന്നാണു് ഗവ:മെന്റിലേക്കു കിട്ടിയിരിക്കുന്നതു്. സത്രം കെട്ടിയിട്ടുള്ളതു് മുനിസിപ്പാലിറ്റിക്കാരാണെന്നാണു തോന്നുന്നതു്.

Depressed Class Students.

96. മിസ്റ്റർ കെ. പി. വള്ളോൻ:—ഫ്രഫറം-ൽ ഈ രാജ്യത്തിലെ അധഃകൃത വിദ്യാർത്ഥികൾക്കു് ആകെ കൊടുത്തിട്ടുള്ള വസ്തും എത്ര; ആകെ എന്തു വിലയായിട്ടുണ്ടു്?

രാമവർമ്മതമ്പുരാൻ:—ഫ്രഫറം-ൽ ഈ രാജ്യത്തിലെ അധഃകൃത വിദ്യാർത്ഥികൾക്കു് ഫന്യ,വുറ മുണ്ടകം കൊടുത്തിട്ടുണ്ടു്. ആകെ ര്,വുര ക, ഫ്രണ. വുപൈ വിലവായിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ:—ഓരോ വിദ്യാലയങ്ങളിലും ഓരോ കുട്ടിക്കും കൊടുക്കുന്ന വസ്ത്രങ്ങൾക്കു് എന്തുവീതം വില വരുന്നുണ്ടു്?

രാമവർമ്മതമ്പുരാൻ:—വളരെ കുറച്ചേ വരികയുള്ളു. അതു് ഹരിച്ചുതന്നെ നോക്കണം. കഷ്ടിച്ചു് ഫൽ അണ വില വരും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—ആരാണു് അതു കൊടുക്കുന്നതു്?

രാമവർമ്മതമ്പുരാൻ—അതു ടെൻഡർ വിളിച്ചു് ഓരോ കണ്ടാക്ടറെക്കാണ്ടു് എഴുതിക്കുകയാണു പതിവു്.

പ്രസിഡണ്ടു്:—ഡിസ്ട്രിബ്യൂട്ടു ചെയ്യുന്നതു് ആരാണു് എന്നാണു് ചോദിച്ചതു്?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—അതെ.

രാമവർമ്മതമ്പുരാൻ—അതു് സ്കൂൾ ഹെഡ്മാസ്റ്റർമാർ, മാനേജർമാർ ഇവർമുഖേനയാണു കൊടുക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—ഇതിനു് അവരോടു രസീതു വാങ്ങുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ:—ഉണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഈ മാതിരി മുണ്ടകത്തിനു് എന്തു വിലയുണ്ടെന്നു പറയാമോ? (സഭാവാസികളെ രണ്ടുമൂന്നു മുണ്ടകം വിടുത്തി കാണിച്ചുകൊണ്ടാണു് ഈ ചോദ്യമുണ്ടായതു്.)

LIBRARY ARCHIVES Kerala Legislative Assembly